(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) പുലിമുട്ടിന്റെ സമീപത്തായി മണ്ണടിഞ്ഞിട്ടുള്ളതിനാൽ മത്സ്യബന്ധനത്തിന് പൊതുവിൽ അസൗകര്യങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി ആന്റ് സി) ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് നടത്തേണ്ടതുണ്ട്.

ഊന്നിവല മത്സ്യബന്ധന തൊഴിലാളി സംഘടനകളുടെ നിവേദനം

90 [2810] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുതൽ കാസർഗോഡ് വരെ ഊന്നിവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രസ്തുത മേഖലയിലെ തൊഴിലാളി സംഘടനകളുടെ നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വർഷംതോറും ലൈസൻസ് പുതുക്കുന്നതിനു പകരം തിരു-കൊച്ചി മേഖലകളിലെപോലെ ഊന്നിവല മലബാറിലെ (തൃശ്ശൂർ മുതൽ കാസർഗോഡ് വരെ) തൊഴിലാളികൾക്ക് പതിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമഗ്ര ഫിഷറീസ് നിയമം പാസാകുന്നതുവരെ വാർഷിക ലൈസൻസ് അനുവദിക്കുന്നതിനു മാത്രമേ സാധിക്കുകയുള്ളു.

ഇരവിപുരം ഫിഷർമെൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നല്കാൻ നടപടി

91 [2811] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം ഫിഷർമെൻ കോളനിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന, സ്ഥിരതാമസക്കാർക്ക് പട്ടയം നല്കിയിട്ടുണ്ടോ;

(ബി) പട്ടയം നല്കുന്നതിന് കൊല്ലം ജില്ലാ കളക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടും നടപ്പാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly